**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 885** **06-10-2021 - ൽ മറുപടിയ്ക്ക്**

**കണ്ടൽവനങ്ങളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ പ്രദേശങ്ങളുടെ സ്വാഭാവിക സംരക്ഷണം ഉറപ്പുവരുത്താൻ കണ്ടൽകാട്ടുകളുടെ പ്രയോജനം ലഭിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | തീരപ്രദേശങ്ങളിൽ കാറ്റാടിതൈകളും അനുബന്ധകണ്ടൽ ചെടികളും നട്ട് പിടിപ്പിച്ച് സ്വാഭാവിക സംരക്ഷണം ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചുവരുന്നു. ചതുപ്പ് നിലങ്ങളിലും അഴിമുഖങ്ങളിലും മാത്രമേ കണ്ടൽ ചെടികൾ വളരുകയുള്ളൂ. |
| (ബി) | നിലവിലുള്ള കണ്ടൽവനങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | നിലവിൽ സർക്കാർ ഉടമസ്ഥതയിലുള്ള കണ്ടൽവനങ്ങൾ വന നിയമപ്രകാരം സംരക്ഷിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽവനങ്ങൾ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുവാനുള്ള നടപടികളും നടന്നുവരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ "Conservation of Management of Mangroves" പ്രകാരം കണ്ടൽതൈകൾ ഉൽപ്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് വിതരണം ചെയ്യുകയും ഗാർഹികാവശ്യത്തിനുള്ള ഇന്ധന ആവശ്യങ്ങൾക്ക്<br>കണ്ടൽ നശിപ്പിക്കപ്പെടാതിരിക്കുവാൻ മറ്റ് അനുബന്ധ തൈകൾ നട്ടുപിടിപ്പിക്കുകയും ബയോഗ്യാസ് പ്ലാന്റ് നിർമ്മിയ്ക്കുക, എൽ.പി.ജി ഗ്യാസ് വിതരണം ഉടങ്ങിയ പ്രവൃത്തികളും നടത്തിവരുന്നു. |
| (സി) | ക്ഷയോൻമുഖമായ കണ്ടൽ വനങ്ങളെ പരിസ്ഥിതി പുന:സ്ഥാപനത്തിലൂടെ വീണ്ടെടുക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ "Conservation of Management of Mangroves " എന്ന പദ്ധതി പ്രകാരം കണ്ടൽതൈകൾ ഉൽപ്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് വിതരണം ചെയ്തു വരുന്നു. ക്ഷയോന്മുഖമായ കണ്ടൽ വനങ്ങളെ പരിസ്ഥിതി പുന:സ്ഥാപനത്തിലൂടെ വീണ്ടെടുക്കാൻ ഒരു പരിധിവരെ ടി പദ്ധതി പ്രകാരം സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ